ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയുടെ പുനഃസംഘടന

24 [*354] ഡോ.എം. എ. കുട്ടപ്പൻ :

ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങളിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് ;

(ബി) ഈ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഈ കമ്മിറ്റികളെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) സംസ്ഥാനത്ത് താഴെപറയുന്ന 19 വ്യവസായങ്ങളിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(1) പ്ലാന്റേഷൻ ലേബർ കമ്മിറ്റിക്ക് വേണ്ടിയുള്ള വ്യവസായ ബന്ധസമിതി

(2) കുട്ടനാട് കാർഷിക മേഖല വ്യവസായബന്ധ സമിതി

(3) കശുവണ്ടി വ്യവസായ ബന്ധസമിതി

(4) കയർ വ്യവസായ ബന്ധസമിതി

(5) ടെക്സ്റ്റയിൽ വ്യവസായ ബന്ധസമിതി

(6) കള്ളുചെത്ത് വ്യവസായത്തിനുവേണ്ടിയുള്ള വ്യവസായ ബന്ധസമിതി

(7) ബീഡി ആന്റ് സിഗാർ വ്യവസായ ബന്ധസമിതി

(8) ഓട് വ്യവസായത്തിനുള്ള വ്യവസായ ബന്ധസമിതി

(9) നിർമ്മാണ തൊഴിലാളിക്ക് വേണ്ടിയുള്ള വ്യവസായ ബന്ധസമിതി

(10) മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായ ബന്ധസമിതി

(11) ടിംബർ, പ്ലൈവുഡ്, തീപ്പെട്ടി, തടിമില്ലുകൾ തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള വ്യവസായ ബന്ധസമിതി

(12) മദ്യ വ്യവസായ ബന്ധസമിതി

(13) പാലക്കാട് കാർഷിക മേഖല വ്യവസായ ബന്ധസമിതി

(14) ലോറി ട്രാൻസ്പോർട്ട് വ്യവസായ ബന്ധസമിതി

(15) കായംകുളം സൂപ്പർതെർമൽ പവർ പ്രോജക്ടിന് വേണ്ടിയുള്ള വ്യവസായ ബന്ധസമിതി.

LIBRARY ARCHIVES Kerala Legislative Assembly